## 1225

*രീതി: അതിരാവിലെ തിരു*

1 മനമേ പക്ഷിഗണങ്ങളുണർന്നിതാ പാടുന്നു ഗീതങ്ങൾ
മനമേ നീയുമുണർന്നിട്ടേശു പരനെ പാടി സ്തുതിക്ക

2 മനമേ നിന്നെ പരമോന്നതൻ പരിപാലിക്കുന്നതിനെ
നിനച്ചാൽ നിനക്കുഷസ്സിൽ കിടന്നുറങ്ങാൻ കഴിഞ്ഞിടുമോ?

3 മൃഗജാലങ്ങളുണർന്നിടുന്ന സമയത്തു നീ കിടന്നു
മൃഗത്തെക്കാളും നിർവിചാരിയായുറങ്ങാതെന്റെ മനമേ-

4 മരത്തിൻ കൊമ്പിലിരിക്കും പക്ഷിയുരയ്ക്കും ശബ്ദമതുകേ-
ട്ടുറക്കം തെളിഞ്ഞുടനെ നിന്റെ പരനെ പാടി സ്തുതിക്ക-

5 പരനേശു താനതിരാവിലെ തനിയെയൊരു വനത്തിൽ
പരിചോടുണർന്നെഴുന്നു പ്രാർത്ഥിച്ചതു നീ ചിന്തിച്ചിടുക-

6 ഒരുവാസരമുഷസ്സായപ്പോൾ പീലാത്തോസിന്റെ അരികേ
പരനേശുവൊരജംപോൽ നിന്ന നില നീ ചിന്തിച്ചിടുക-

7 പരനെ തള്ളപ്പറഞ്ഞ പത്രോസതിരാവിലെ സമയേ
പെരുത്ത ദുഃഖം നിറഞ്ഞു പുറത്തിറങ്ങിപ്പൊട്ടിക്കരഞ്ഞു-

8 മറിയമതിരാവിലേശുവെ കാണാഞ്ഞിട്ടുള്ളം തകർന്നു
കരയുന്നതെന്തതുല്യസ്നേഹം മനമേ നിനക്കതുണ്ടോ?- **P.M.K.**